# കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്

**തിരുവനന്തപുരം – 14**

**പൗരാവകാശരേഖ**

കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം – 14

## പൗരാവകാശരേഖ

### I. രൂപീകരണം, വീക്ഷണം

1961 –ൽ സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ മലയാളം എൻസൈക്ലോപീഡിയ ഡിപ്പാർട്ടുമെന്റ് എന്ന പേരിൽ ഒരു വകുപ്പ് രൂപംകൊള്ളുകയും 1976 –ൽ അത് ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് ആയി രൂപം പ്രാപിക്കുകയും ചെയ്തു. ഈ സ്ഥാപനം ഇപ്പോൾ സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ (തിരുവനന്തപുരം ഡി.പി.ഐ. ജംഗ്ഷന് സമീപമുള്ള കല്പനാ ബംഗ്ലാവിൽ) പ്രവർത്തിക്കുന്നു. വിജ്ഞാനം സാധാരണ ജനങ്ങളിൽ എത്തിക്കുക, മലയാളിയുടെ സാംസ്കാരിക അവബോധം ഉയർത്തുക എന്നീ ലക്ഷ്യങ്ങളോടെ മലയാളത്തിൽ സർവ വിജ്ഞാനകോശം 20 വാല്യങ്ങളായും വിശ്വസാഹിത്യവിജ്ഞാനകോശം 10 വാല്യങ്ങളായും പ്രസിദ്ധീകരിക്കുക എന്ന അതിബൃഹത്തായ സംരംഭമാണ് ഈ സ്ഥാപനം ഏറ്റെടുത്തു നടത്തുന്നത്. ഇതുവരെ സർവവിജ്ഞാനകോശം 14 വാല്യങ്ങളും, വിശ്വസാഹിത്യവിജ്ഞാനകോശം 6 വാല്യങ്ങളും പ്രസിദ്ധീകരിച്ചു. ഇതിനു പുറമേ ഇതേവരെ പ്രസിദ്ധീകരിച്ച സർവവിജ്ഞാനകോശം 1 മുതൽ 10 വരെയുള്ള വാല്യങ്ങൾ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുവാൻ തീരുമാനിക്കുകയും, അതനുസരിച്ച് സർവവിജ്ഞാനകോശം 1 ഉം 2 ഉം വാല്യങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. കേരള സർക്കാർ ശാസ്ത്രവർഷം 2009ആചരിക്കുന്നതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന പരിണാമ വിജ്ഞാനകോശം, ജ്യോതിശാസ്ത്ര വിജ്ഞാനകോശം എന്നീ ഗ്രന്ഥങ്ങൾ 2009 ഡിസംബറിൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രീ-പബ്ളിക്കേഷൻ

വ്യവസ്ഥയിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി കൾ ആരംഭിച്ചു കഴിഞ്ഞു.

## II. ഭരണസമിതി

ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയെ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ചെയർമാൻ | : | ബഹു. മുഖ്യമന്ത്രി |
| വൈസ് ചെയർമാൻ | : | ബഹു. സാംസ്കാരിക കാര്യ വകുപ്പു മന്ത്രി |
| ഡയറക്ടർ | : | പ്രൊഫ.കെ.പാപ്പൂട്ടി<br>കനവ്, മടപ്പള്ളികോളേജ്,<br>വടകര - 673 102<br>(മെമ്പർ സെക്രട്ടറി) |

**അംഗങ്ങൾ**

1. സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
2. സെക്രട്ടറി, ധനകാര്യ വകുപ്പ് (or nominee)
3. അഡീഷണൽ സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്
4. ശ്രീ. പി. ഗോവിന്ദപിള്ള, നമ്പർ 9, സുഭാഷ് നഗർ, തിരുവനന്തപുരം
5. പ്രൊഫ.കെ.ശ്രീധരൻ, പുലരി, ചേവായൂർ, കോഴിക്കോട്- 17
6. ഡോ.സി.എൻ.പരമേശ്വരൻ, നീലാംബരി, വസന്ത നഗർ, തിരുവമ്പാടി. തൃശൂർ



7. ഡോ.ജമീലാ ബീഗം, ഇംഗ്ലീഷ് വിഭാഗം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള സർവകലാശാല, തിരുവനന്തപുരം
8. ശ്രീ.ആർ.വി.ജി.മേനോൻ, ഹരിത, ഹൗസ് നമ്പർ-22, കേശവ ദേവ് റോഡ്, പൂജപ്പുര, തിരുവനന്തപുരം.
9. ഡോ.ആൻ, ഫിലോസഫി വിഭാഗം, കേരള സർവകലാശാല, തിരുവനന്തപുരം.
10. ശ്രീ.ബി.രാജീവൻ, നമ്പർ 19/598-എ, മുടവൻമുഗൾ, പൂജപ്പുര, തിരുവനന്തപുരം - 695 012.
11. പ്രൊഫ.റ്റി.ബി.വിജയകുമാർ, അനുഗ്രഹ, പെരിഞ്ചേരി - പി.ഒ., തൃശൂർ - 690 306.
12. ശ്രീമതി.സുജ സൂസൻ ജോർജ്, സെന്റ് മേരീസ് കോളേജ്, മണർക്കാട് പി.ഒ, കോട്ടയം.
13. ശ്രീമതി.റസിയ ടോണി, പുത്തനങ്ങാടി വീട്, ചർച്ച് റോഡ്, കലൂർ, കൊച്ചി-17.
14. ശ്രീ. മധു ഇറവങ്കര, ഇറവങ്കര പി.ഒ., മാവേലിക്കര.
15. പ്രൊഫ.പി.എം.ജോസഫ്, പുത്തൻ പറമ്പിൽ, നസ്റേത്ത്, കൊച്ചി-682 002.

## III. ഭരണനിർവഹണം, ഓഫീസ് ഘടന

കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറാണ് സ്ഥാപന മേധാവി. ഇൻസ്റ്റിറ്റ്യൂട്ടിന് ജില്ലാ/മേഖല ഓഫീസുകൾ നിലവിലില്ല.

സർക്കാർ അവധി ദിവസങ്ങൾ ഒഴികെ മറ്റെല്ലാ ദിവസങ്ങളിലും ഇൻസ്റ്റിറ്റ്യൂട്ട് രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 വരെ പ്രവർത്തിക്കുന്നതാണ്. ഉച്ചയ്ക്ക് 1.15 മുതൽ 2 മണി വരെ ഇടവേളയായിരിക്കും.


DIRECTOR
Academic Wing
Administrative Wing
Administrative Officer
Editorial Wing
Art Wing
Production Wing
Assistant Editor Grade I
Art Editor
Production officer
Finance Officer
Development Officer
Assistant Editor Grade II
Assistant Art Editor
Proof Reader
Manager
Sales Officer
Copyist
Sub Editor Grade I
Artist-cum-photographer
Copy Holder
Copyist
Junior Superintendent
Sub Editor Grade II
Editorial Assistant
Librarian
Office Secretary to Director
U. D. Clerk
L .D .Clerk
UD. Typist
LD Typist
Driver
Peon
Part Time Sweeper

## IV. പ്രസിദ്ധീകരിച്ച വിജ്ഞാനകോശം വാല്യങ്ങൾ

ഇൻസ്റ്റിറ്റ്യൂട്ട് ഇതേവരെ പ്രസിദ്ധീകരിച്ചതും വില്പനയിലുള്ളതുമായ വിജ്ഞാനകോശം വാല്യങ്ങളും അവയുടെ മുഖവിലയും ചുവടെ ചേർക്കുന്നു.

### 1) സർവവിജ്ഞാനകോശം

| വാല്യങ്ങൾ | മുഖ വില (രൂപ) |
|---|---|
| I | 500 |
| II | 500 |
| III | 300 |
| IV | 300 |
| V | 300 |
| VI | 450 |
| VII | 300 |
| VIII | 500 |
| IX | 300 |
| X | 500 |
| XI | 450 |
| XII | 450 |
| XIII | 500 |
| XIV | 500 |

### 2) വിശ്വസാഹിത്യവിജ്ഞാനകോശം

| വാല്യങ്ങൾ | മുഖ വില (രൂപ) |
|---|---|
| I | 500 |
| II | 300 |
| III | 450 |
| IV | 450 |
| V | 450 |
| VI | 500 |



### 3) പരിസ്ഥിതിവിജ്ഞാനകോശം (ഏകവാല്യം)

| | |
|---|---|
| ഹാർഡ് കവർ ബയന്റ് | 500 രൂപ |
| പേപ്പർ ബാക്ക് ബയന്റ് | 300 രൂപ |

## V. സേവനങ്ങൾ

1. സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാനകോശം വാല്യങ്ങൾ വാങ്ങാൻ താല്പര്യമുള്ള സർക്കാർ/അർധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ ഈ സ്ഥാപനം തയ്യാറാക്കിയിട്ടുള്ള നിർദ്ദിഷ്ട അപേക്ഷാഫാറം (ഉള്ളടക്കം ചെയ്തിട്ടുണ്ട്) പൂരിപ്പിച്ച് നല്കുകയും അതോടൊപ്പം 300/- രൂപ ആദ്യഗഡുവായി അടയ്ക്കുകയും ചെയ്താൽ സ്ഥാപനം ഇതുവരെ പ്രസിദ്ധീകരിച്ച വിജ്ഞാനകോശം വാല്യങ്ങൾ മൊത്തമായി 20% കമ്മീഷനിൽ 30 മിനിറ്റിനുള്ളിൽ നല്കുന്നതാണ്.
2. വാല്യങ്ങളുടെ വില രൊക്കം പണമായി അടയ്ക്കുന്നവർക്ക് ആവശ്യമുള്ള വാല്യങ്ങൾ 30% കമ്മീഷൻ നല്കി 20 മിനിറ്റിനുള്ളിൽ നല്കുന്നതാണ്.
3. വില്പന വിഭാഗത്തിന്റെ പ്രവർത്തന സമയം പ്രവൃത്തി ദിവസങ്ങളിൽ 10.30 മുതൽ 1 മണിവരെയും 2 മുതൽ 4 മണിവരെയുമാണ്.
4. ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ വിഭാഗം എഡിറ്റർമാർ തയ്യാറാക്കുന്ന ലേഖനങ്ങൾക്ക് പുറമേ വിദ്യാഭ്യാസ സാഹിത്യ ശാസ്ത്രമേഖലകളിലെ വിദഗ്ധരിൽ നിന്നും പ്രതിഫല വ്യവസ്ഥയിൽ ലേഖനങ്ങൾ എഴുതി വാങ്ങി ഇൻസ്റ്റിറ്റ്യൂട്ട് വക വിജ്ഞാനകോശം വാല്യങ്ങളിൽ ഉൾപ്പെടുത്തിവരുന്നു. തയ്യാറാക്കുന്ന ലേഖനങ്ങൾ വിജ്ഞാനകോശം വാല്യങ്ങളിൽ പ്രസിദ്ധീകരണ യോഗ്യമാണെങ്കിൽ സ്വീകരിച്ച് കഴിഞ്ഞ് 3 മാസത്തിനകം 1000 വാക്കിന് 600 രൂപ ക്രമത്തിൽ പ്രതിഫലം നല്കുന്നതാണ്.
5. കുടുംബശ്രീയുടെ സഹായത്തോടെ പരിഷ്കരിച്ച സർവവിജ്ഞാനകോശം വാല്യം 1, 2, 12, 13, 14 ഇവ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ വെബ്സൈറ്റിൽ (www.sarva.gov.in) ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി

വാല്യങ്ങളും വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6. പതിനയ്യായിരത്തോളം വിജ്ഞാനപ്രദമായ പുസ്തകങ്ങൾ സ്റ്റോക്കുള്ള ഒരു ലൈബ്രറി ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ലേഖനം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് റഫറൻസിനായി ഈ ലൈബ്രറി പ്രയോജനപ്പെടുത്താവുന്നതാണ്.

## VI. ലേഖനം സമർപ്പിക്കുന്നതിന്

വിദഗ്ധ വ്യക്തികൾക്ക് സർവവിജ്ഞാനകോശം വെബ് എഡിഷനിലേക്ക് ലേഖനങ്ങൾ സംഭാവന ചെയ്യാവുന്നതാണ്, sarvavijnanakosam@yahoo.com എന്ന അഡ്രസിൽ ഇ-മെയിൽ ചെയ്താൽ മതിയാകും. വിജ്ഞാനകോശം വാല്യത്തിൽ ഉൾപ്പെടുത്താൻ ഏതെങ്കിലും വിഷയത്തെക്കുറിച്ച് ലേഖനം തയ്യാറാക്കി നല്കുവാൻ താത്പര്യമുള്ളവർക്ക് അതിനും ഇപ്പോൾ സൗകര്യമുണ്ട്. ലേഖനം പരിശോധിച്ച് സ്വീകാര്യമെന്ന് കണ്ട് സർവവിജ്ഞാനകോശത്തിൽ ഉൾപ്പെടുത്തിയാൽ 1000 വാക്കിന് 600 രൂപ എന്ന നിരക്കിൽ പ്രതിഫലം നല്കുന്നതാണ്. ഇതു സംബന്ധിച്ച നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. ലേഖനം മലയാളം യൂണിക്കോഡ് ഫോണ്ടിൽ ടൈപ്പ് ചെയ്യുക.
2. ടൈപ്പ് ചെയ്യാൻ മലയാളം ISM ഫോൺടുകൾഉപയോഗിക്കരുത്
3. ടൈപ്പ് ചെയ്ത മാറ്റർ ഓപ്പൺ ഓഫീസ് ഫയലായി സേവ് ചെയ്യുക
4. മാറ്റർ പേജ്മേക്കർ/ മൈക്രോസോഫ്റ്റ് വേഡ് ഫയലായി സേവ് ചെയ്യരുത്
5. താഴെ പറയുന്ന മൂന്ന് സോഫ്റ്റ്കോപ്പികൾ ഇ-മെയിൽ ചെയ്യുക
   a. ടെക്സ്റ്റും പടങ്ങളും (images) ഓപ്പൺ ഡോക്കുമെന്റ് ഓപ്പൺ ഓഫീസ്/പോർട്ടബിൾഡോക്കുമെന്റ് ് ഫയൽ ആയി.
   b. പടങ്ങൾ ഉൾപ്പെടുത്താതെ ടെക്സ്റ്റ് മാത്രമായി ഒരു ടെക്സ്റ്റ് (Text) ഫയൽ
   c. എല്ലാ പടങ്ങളും .jpeg രീതിയിൽ സേവ് ചെയ്ത് തയ്യാറാക്കിയ ഒരു ഫോൾഡർ (Folder).



വെബ്സൈറ്റിൽ നിലവിലുള്ള ലേഖനങ്ങളിൽ ആവശ്യമായ തിരുത്തലുകളും/കൂട്ടിച്ചേർക്കലുകളും നിർദ്ദേശിക്കാവുന്നതാണ്.

## VII. ഗ്രാന്റ്-ഇൻ-എയ്ഡ്

സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ബഡ്ജറ്റിൽ വകകൊള്ളിച്ച് പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും അനുവദിച്ചു നല്കുന്ന ഗ്രാന്റ് ഉപയോഗിച്ചാണ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. വിജ്ഞാനകോശം വാല്യങ്ങളുടെ വില്പന മുഖേന ലഭിക്കുന്ന തുക ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിവോൾവിംഗ് ഫണ്ടിൽ നിക്ഷേപിക്കുന്നു.

## VIII. ഓഡിറ്റ്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ്, ചാർട്ടേഡ് അക്കൗണ്ടന്റ്, അക്കൗണ്ടന്റ് ജനറൽ എന്നിവർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നു.

## IX. കംപ്യൂട്ടർ/ഇന്റർനെറ്റ് സംവിധാനം

വിജ്ഞാനകോശം വാല്യങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇന്റർനെറ്റ് സംവിധാനത്തോടുകൂടിയ കംപ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭ്യമാക്കേണ്ട സേവനം സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന ഏതു പരാതിയും അഭിപ്രായവും ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസത്തിൽ അറിയിക്കാവുന്നതാണ്.

ഡയറക്ടർ,
കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്,
കല്പനാ ബംഗ്ലാവ്,
ഡി.പി.ഐ. ജംഗ്ഷൻ, ജഗതി
തൈക്കാട്.പി.ഒ, തിരുവനന്തപുരം - 695 014
Email : sarvavijnanakosam@yahoo.com

**സ്ഥാപനത്തിന്റെ വെബ് സൈറ്റ് : www.sarva.gov.in**

# X. പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനം

| ക്രമ നമ്പർ | സേവന വിവരം | സേവനം നല്കുന്നതിന് ഉത്തരവാദപ്പെട്ട ഓഫീസർ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ സ്വീകരിക്കൽ | എസ്. മുഹമ്മദ് അസ്‌ലം, അസിസ്റ്റന്റ് എഡിറ്റർ ഗ്രേഡ് I, അസിസ്റ്റന്റ് പബ്ളിക്ക് ഇൻഫർമേഷൻ ഓഫീസർ | 15 മിനിറ്റിനകം | 0471 - 3015672<br>9447005880 |
| 2 | വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ അനുസരിച്ച് വിവരം നല്കൽ | പി.ശ്രീകുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പബ്ളിക്ക് ഇൻഫർമേഷൻ ഓഫീസർ | വിവരാവകാശ നിയമത്തിൽ പറയുന്ന കാലയളവ് | 0471 - 3015667<br>9447587772 |
| 3 | വിവരാവകാശ നിയമപ്രകാരമുള്ള അപ്പീലിൻ മേൽ തീർപ്പ് കൽപ്പിക്കൽ | ഡയറക്ടർ<br>അപ്പീൽ അധികാരി | വിവരാവകാശ നിയമത്തിൽ പറയുന്ന കാലയളവ് | 0471 - 2325301<br>9447445522 |

# THE STATE INSTITUTE OF ENCYCLOPAEDIC PUBLICATIONS

KalpanaBungalow,Jagathy,Thiruvananthapuram - 695014
Phone:2325303

**കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്**

കല്പനബംഗ്ലാവ്, ജഗതി, തിരുവനന്തപുരം-695014
ഫോൺ: 2325303

## ക്രെഡിറ്റ് പദ്ധതി വഴി വിജ്ഞാനകോശങ്ങൾ വാങ്ങുന്നതിനുള്ള അപേക്ഷ

ജി.ഒ.(ആർ.ടി.) നം.177/2002 സി.എഡി. തീയതി 6/5/02

1. അപേക്ഷകൻെറ പേര് :
2. ഇപ്പോഴത്തെ മേൽവിലാസവും :
3. സ്ഥിരം മേൽവിലാസം (വിലാസത്തിൽ ജില്ലയും പിൻകോഡും രേഖപ്പെടുത്തിയിരിക്കണം.) :
4. ജോലി ചെയ്യുന്ന സ്ഥാപനത്തിൻെറ പേരും മേൽവിലാസവും, ടെലഫോൺ നംപരും :
5. തൊഴിൽ (ഉദ്യോഗപ്പേര്) :
6. ജനന തീയതി :
7. ജോലിയിൽനിന്നും വിരമിക്കുന്ന തീയതി :
8. പ്രതിമാസ വരുമാനം :
9 പദ്ധതിയിൽ ചേരുമ്പോൾ അടയ്ക്കുന്ന തുക :
10. ക്രെഡിറ്റ് പദ്ധതിയിൽ അംഗമായി ചേർന്ന് വാല്യങ്ങൾ മുമ്പ് വാങ്ങിയിട്ടുണ്ടെങ്കിൽ രജി.നമ്പരും വാങ്ങിയ വാല്യങ്ങളുടെ എണ്ണവും :
11. ആവശ്യമുള്ള വാല്യങ്ങൾ :



12. വാല്യങ്ങൾ അയയ്ക്കേണ്ട വിധം (തപാൽ/പാഴ്സൽ സർവീസ്) ആറോ അതിൽ കൂടുതലോ വാല്യങ്ങൾ വാങ്ങുന്നവർക്കു മാത്രമേ പാഴ്സൽ വഴി അയയ്ക്കുകയുള്ളൂ. :
13. പദ്ധതിയിൽ ചേരുന്നത് നേരിട്ടോ പ്രൊമോട്ടർ വഴിയോ :

സ്ഥലം : ................................... അപേക്ഷകൻെറ പേരും ഒപ്പും

തീയതി : ...................................

## അപേക്ഷകൻെറ സമ്മതപത്രം

ക്രെഡിറ്റുപദ്ധതി വഴി വാങ്ങുന്ന പുസ്തകങ്ങളുടെ വിലയും അയയ്ക്കുന്നതിനുള്ള ചെലവും സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വ്യവസ്ഥപ്രകാരം നേരിട്ട് അടച്ചു കൊള്ളാമെന്ന്/ശമ്പളത്തിൽനിന്ന് പിടിച്ച് എന്റെ ചെലവിൽ അയച്ചു കൊടുക്കുന്നതിന് ഞാൻ സമ്മതിച്ചിരിക്കുന്നു.

തീയതി : ................................... അപേക്ഷകൻെറ പേരും ഒപ്പും

## ഓഫീസ് മേധാവിയുടെ സമ്മതപത്രം

*ശ്രീമതി/ശ്രീ........................................................................................................................ (പേരും ഉദ്യോഗപ്പേരും) സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ക്രെഡിറ്റ് പദ്ധതി വഴി വാങ്ങുന്ന പുസ്തകങ്ങളുടെ വില അദ്ദേഹം മാസംതോറും അടച്ചുതീർക്കാമെന്ന് സമ്മതിച്ചിരിക്കുകയാണ്. ഇതിൽ വീഴ്ചവരുത്തിയാൽ ടിയാളിൽ നിന്ന് ഈടാക്കി ഇൻസ്റ്റിറ്റ്യൂട്ട് നിർദേശിക്കുന്ന രീതിയിൽ അയച്ചുകൊള്ളാമെന്ന് സമ്മതിച്ചിരിക്കുന്നു.

* ശ്രീമതി/ശ്രീ....................................................................................................................... (പേരും ഉദ്യോഗപ്പേരും) സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ക്രെഡിറ്റ് പദ്ധതി വഴി വാങ്ങുന്ന പുസ്തകങ്ങളുടെ വില ശമ്പളത്തിൽ നിന്നും ഈടാക്കി മാസംതോറും ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് അയച്ചുകൊള്ളാമെന്ന് സമ്മതിച്ചിരിക്കുന്നു.

തീയതി : ................................... ഓഫീസ് മേധാവിയുടെ പേരും ഒപ്പും ഔദ്യോഗിക വിലാസവും

(ഓഫീസ് മുദ്ര)

ശമ്പളം സ്വയം എഴുതി വാങ്ങുന്ന ഉദ്യോഗസ്ഥൻ (സെൽഫ് ഡ്രായിംഗ് ഓഫീസർ) താഴെ കൊടുത്തിരിക്കുന്ന സമ്മതപത്രം പൂരിപ്പിച്ച് ഒപ്പിടേണ്ടതാണ്.*

ഞാൻ ..................................................................................................................................
.......................................................................................................... (പേരും ഉദ്യോഗപ്പേരും) ക്രെഡിറ്റ് പദ്ധതിയിലെ വ്യവസ്ഥപ്രകാരം കരസ്ഥമാക്കുന്ന സർവവിജ്ഞാനകോശ വാല്യങ്ങളുടെ വില സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വ്യവസ്ഥപ്രകാരം മാസംതോറും അടച്ചുതീർത്തു കൊള്ളാമെന്ന് സമ്മതിച്ചിരിക്കുന്നു. ഇതിനു വീഴ്ച വരുത്തിയാൽ ഞാൻ ശമ്പളം വാങ്ങുന്ന ................................................................................ ട്രഷറിയിലെ ട്രഷറി ഓഫീസറുമായി നേരിട്ട് ബന്ധപ്പെട്ട് അടയ്ക്കുവാനുള്ള മുഴുവൻ തുകയും എന്റെ ശമ്പളത്തിൽ നിന്നും ഒറ്റത്തവണയായി ഈടാക്കുന്നതിന് സർവ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറെ ഇതിനാൽ അധികാരപ്പെടുത്തിക്കൊള്ളുന്നു.

തീയതി : ..................................                                    അപേക്ഷകന്റെ പേരും ഒപ്പും

## മേലധികാരിയുടെ സാക്ഷിപത്രം*

ശ്രീമതി/ശ്രീ.......................................................................................................................
..................................................................................................(പേരും ഉദ്യോഗപ്പേരും) ഈ ഡിപ്പാർട്ടുമെന്റിലെ ഒരു സെൽഫ് ഡ്രായിംഗ് ഓഫീസർ ആണ്. അദ്ദേ ഹം ..................................................................... ട്രഷറിയിൽ നിന്നുമാണ് ശമ്പളം കൈപ്പറ്റുന്നത്. അദ്ദേഹം സ്ഥലം മാറിപ്പോകുകയോ സർവീസിൽ നിന്നും വിരമിക്കുകയോ ചെയ്യുകയാണെങ്കിൽ ആ വിവരം കാലേകൂട്ടി ഞാൻ സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറെ അറിയിച്ചുകൊള്ളാം.

തീയതി : ..................................                                    മേലധികാരിയുടെ പേരും ഒപ്പും
ഔദ്യോഗിക വിലാസവും

(ഓഫീസ് മുദ്ര)



## സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉപയോഗത്തിന്

അംഗത്വ നമ്പർ CRS ..........................................................................................................

തീയതി : ...........................................................................................................................

മുമ്പ് വാല്യങ്ങൾ വാങ്ങിയിട്ടുള്ളതിന്റെ രജിസ്റ്റർ നമ്പർ .................................................

അപേക്ഷ പരിശോധിച്ചു. വാല്യം/വാല്യങ്ങൾ ...................................... നൽകാവുന്നതാണ്.

| | | | |
|---|---|---|---|
| വാങ്ങിയ വാല്യങ്ങളുടെ ആകെ വില | : | .................................................................. | രൂപ |
| ഡിസ്കൗണ്ട് | : | .................................................................. | രൂപ |
| ബാക്കി | : | .................................................................. | രൂപ |
| തപാൽചെലവ് | : | .................................................................. | രൂപ |
| ആകെ | : | .................................................................. | രൂപ |
| അപേക്ഷയോടൊപ്പം അടച്ച തുക | : | .................................................................. | രൂപ |
| ഇനി അടയ്ക്കാനുള്ള തുക | : | .................................................................. | രൂപ |

(അക്ഷരത്തിൽ ..................................................................................................................
...................................................................................................... രൂപാ മാത്രം)

ഡയറക്ടർക്കുവേണ്ടി,